## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 24.08.2024 മുതൽ 28.08.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 34/2024 (68) വെള്ളിയാഴ്ച | തീയ്യതി 23/08/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 24.08. 2024 | 25.08. 2024 | 26.08. 2024 | 27.08. 2024 | 28.08.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 3 | 3 | 2 | 4 | 3 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 90 | 95 | 95 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 70 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 10 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 270 | 290 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | ബാക്റ്റീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| നെല്ല് (വിരിപ്പ്) പൂക്കുന്നസമയം | നെല്ലിലെ കറവൽ | ഒരു ലിറ്റർ വെള്ളത്തിൽ 0.4 ഗ്രാം നേറ്റിവോയും 10 ഗ്രാം 13:0:45 ഉം (പൊട്ടാസിയം നൈട്രേറ്റ്) ലയിപ്പിച്ചു തളിക്കുക. |
| അമരപ്പയർ, ചതുരപ്പയർ | പരിപാലനം | അമരപ്പയർ, ചതുരപ്പയർ എന്നിവയുടെ നടീൽ സമയമാണ്. ഇവ ദിന ദൈർഘ്യം കുറഞ്ഞ നവംബർ മുതൽ ഫെബ്രുവരി വരെയുള്ള സമയത്താണ് പൂക്കുകയും കായ്ക്കുകയും ചെയ്യുന്നത്. നിലമൊരുക്കലും നടീലും ആരഭിക്കാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ പുഴു | ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കാവുന്നതാണ്. |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy)